# ക്രൈസിസ് കൗൺസലിംഗ് ശില്പശാല നാളെ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിലുള്ള വിപാസ്സന വൈകാരിക സഹായ കേന്ദ്രം സംഘടിപ്പിക്കുന്ന ത്രിദിന ക്രൈസിസ് കൗൺസലിംഗ് ശില്പശാല നാളെ (മാർച്ച് 10, വെള്ളി) 2 മണിക്ക് സോഫിയ സെന്ററിൽ ആരംഭിക്കും.

സഭയുടെ മാനവ ശാക്തീകരണ വിഭാഗം ഡെപ്യുട്ടി സെക്രട്ടറി ഫാ.പി.എ ഫിലിപ്പ് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പ്രമുഖ കൗൺസലിംഗ് വിദഗ്ധനും ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പലുമായ ഫാ. ഡോ. ഒ തോമസ് ശില്പശാല ഉദ്ഘാടനം ചെയ്യും. ഡോ. വർഗ്ഗീസ് പുന്നൂസ്, പ്രൊഫ. മേരി മാത്യു, ഡോ. അന്നമ്മ വർഗ്ഗീസ്, ഫാ. വർഗ്ഗീസ് ജോസഫ്, ഫാ. മാത്യു.കെ മാത്യു എന്നിവർ പ്രസംഗിക്കും.

റവ. ഡോ. ഏബ്രഹാം കുരുവിള, ഡോ. എലിസബേത്ത് സാംസൺ, ഡോ. ഡെയ്സി ജെ. കോശി, ഡോ. സിബി തരകൻ, കെ.പി മോഹൻ ദാസ്, ദിലീപ് വർക്കി എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകും.

സമാപന സമ്മേളനത്തിൽ പ്രശസ്ത കഥാകൃത്തും മലയാള മനോരമയിലെ സീനിയർ സബ്ബ് എഡിറ്ററുമായ കെ.രേഖ മുഖ്യപ്രഭാഷണം നടത്തും. പ്രൊഫ.പി.സി വർഗ്ഗീസ്, ഡോ.ജോസഫ് പി. വർഗ്ഗീസ്, കെ.സി. ജേക്കബ്, ലൗലി രാജൻ എന്നിവർ പ്രസംഗിക്കും.